## ലൈഫ് മിഷൻ സർവ്വേയുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള സംശയങ്ങളും അവയ്ക്കുള്ള മറുപടികളും.

1) **ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നത് എങ്ങനെ?**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ കരട് പട്ടിക മലയാളത്തിലേയ്ക്ക് മാറ്റി, ക്രമ നമ്പർ, സർവ്വേ കോഡ്, ഗൃഹനാഥൻറെ പേര്, മേൽവിലാസം, റേഷൻ/ആധാർ നമ്പർ, ക്ലേശഘടകങ്ങൾ എന്ന ക്രമത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. അർഹരല്ലാത്തവരുടെ കാര്യത്തിൽ എന്ത് കാരണത്താൽ അർഹനല്ല എന്ന വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പൊതുജനങ്ങളുടെ അറിവിലേക്കായി കരടു ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രം പ്രസിദ്ധീകരിക്കേണ്ടതാണ്. മലയാളത്തിൽ മാത്രമേ കരട് പട്ടിക പ്രസിദ്ധീകരിക്കാൻ പാടുള്ളൂ. ഇതിനുള്ള ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത്ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

2) **ഏതെല്ലാം സ്ഥാപനങ്ങളിലാണ് പട്ടിക പ്രസിദ്ധീകരിക്കേണ്ടത്?**

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഓഫീസുകളിലും, വെബ്സൈറ്റിലും, കുടുംബശ്രീ എ.ഡി.എസ് ഓഫീസിലും, കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്ററുടെ ഓഫീസ്, ജില്ലാ കളക്ടറേറ്റ്, അംഗനവാടികൾ, വില്ലേജ് ഓഫീസുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും കൂടാതെ വാർഡിന്റെ കരട് പട്ടിക, ബന്ധപ്പെട്ട വാർഡ് കൗൺസിലർ/വാർഡ് അംഗത്തിനും ലഭ്യമാക്കേണ്ടതാണ്.

3) **റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ ഒഴിവാക്കിയവരും എന്നാൽ വളരെ അർഹതയുള്ളവരെയും ഉൾക്കൊള്ളിക്കാൻ കഴിയുമോ?**

അഗതികളെ ഉൾപ്പെടുത്താം, ഇവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

4) **പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഉള്ളവരെ, ഭവനരഹിതരുടെ പട്ടികയിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ടോ?**

വേണ്ട, ഇവരുടെ പട്ടിക ലൈഫ് മിഷൻ പ്രത്യേകം ശേഖരിച്ചിട്ടുണ്ട്. ഇവരെ അപ്പീലിലും പരിഗണിക്കേണ്ടതില്ല. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്.

**5) വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരെ ഈ ഘട്ടത്തിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ടോ?**

ഈ ഘട്ടത്തിൽ ഉൾക്കൊള്ളിക്കാൻ പാടില്ല. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ കണ്ടെത്തുന്നതിന് സാങ്കേതിക പരിശോധന ആവശ്യമാണ്. ആയതിന് റ്റി.പിറ്റി.എ-യെ നിയോഗിച്ചിട്ടുണ്ട്. ഇത്തരം ഭവനങ്ങൾ കണ്ടെത്തി ധനസഹായം നൽകുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം പിന്നീട് നൽകുന്നതാണ്. എന്നാൽ തടി, ഷീറ്റ് എന്നിവ കൊണ്ട് മാത്രം നിർമ്മിച്ചിട്ടുള്ള താത്ക്കാലിക ഭവനങ്ങളെ ഭവനരഹിതരായി പരിഗണിച്ച് ഉൾക്കൊള്ളിക്കേണ്ടതാണ്.

**6) ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങളെ പരിഗണിക്കുമ്പോൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതുണ്ടോ?**

വേണ്ട. എന്നാൽ പരിശോധനാ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കി നീതിപൂർവ്വമായ ഒരു തീരുമാനത്തിൽ എത്തേണ്ടതാണ്. പിന്നീട് ഭവനങ്ങൾ നൽകുന്ന വേളയിൽ ഇവ വിദഗ്ധമായി പരിശോധിക്കുന്നതാണ്.

**7) കൈവശമുള്ള വസ്തുവിൻറെ അളവ് പരിശോധിക്കുമ്പോൾ രേഖകൾ ആവശ്യപ്പെടേണ്ടതുണ്ടോ?**

സാധാരണയായി ആവശ്യമില്ല. എന്നാൽ സംശയമുള്ള കാര്യങ്ങളിൽ രേഖകൾ ആവശ്യപ്പെടാവുന്നതും വില്ലേജ് ഓഫീസിൽ നിന്നും രേഖകൾ ശേഖരിച്ച് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

**8) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭവനരഹിതനായി താമസിക്കുകയും എന്നാൽ ടിയാൻറെ ഭൂമി മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വരുകയും ചെയ്യുമ്പോൾ ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവായി പരിഗണിക്കണം?**

നിലവിൽ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവായി പരിഗണിച്ച്, അന്തിമപട്ടിക തയ്യാറാക്കേണ്ടതാണ്. ആയതിന് ശേഷം ഭരണസമിതിയുടെ തീരുമാനത്തോടെ വസ്തുവുള്ള തദ്ദേശസ്വയംഭരണ സമിതിക്ക് കൈമാറി തുടർന്ന് പ്രസ്തുത സ്ഥാപനത്തിൻറെ ഗുണഭോക്താവായി പരിഗണിക്കേണ്ടതാണ്.

**9) ക്ലേശഘടകങ്ങൾ ഉള്ള ഗുണഭോക്താക്കളുടെ മുൻഗണന എങ്ങനെ നിശ്ചയിക്കണം?**

ഏറ്റവും കൂടുതൽ ഘടകങ്ങൾ ഉള്ളവരെ ആദ്യവും, ക്ലേശഘടകങ്ങളുടെ എണ്ണം കുറയുന്നതനുസരിച്ച് മുൻഗണന കുറച്ച് പട്ടിക തയ്യാറാക്കേണ്ടതുമാണ്.

ക്ലേശഘടകങ്ങളുടെ എണ്ണം സമാനമായാൽ താഴെ പറയുന്ന മുൻഗണനാക്രമം നിശ്ചയിക്കാവുന്നതാണ്.

a) മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
b) അഗതികൾ
c) അംഗവൈകല്യമുള്ളവർ (40%-ന് മുകളിൽ)
d) ഭിന്നലിംഗക്കാർ
e) ഗുരുതര/മാരകരോഗമുള്ളവർ
f) അവിവാഹിതരായ അമ്മമാർ
g) രോഗം/അപകടത്തിൽപ്പെട്ട്, ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
h) വിധവകൾ

**10) ഭൂരഹിത ഭവനരഹിതരെ കണ്ടെത്തുമ്പോൾ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണോ?**

ഇല്ല. എന്നാൽ ഭവനസമുച്ചയങ്ങൾ അനുവദിക്കുന്ന സമയത്ത് ഗുണഭോക്താവിൻറെ കുടുംബത്തിൽ ആർക്കും ഭൂമിയില്ല എന്നും തങ്ങളുടെ വസ്തു/വീട് എന്നിവ മക്കൾക്ക് നൽകിയിട്ടില്ല എന്നും ഭാവിയിൽ മാതാപിതാക്കന്മാരിൽ നിന്നും നഗരങ്ങളിൽ 2 സെൻറിന് മുകളിലും ഗ്രാമങ്ങളിൽ 3 സെൻറിന് മുകളിലും ഭൂമി ലഭിക്കാൻ സാധ്യതയില്ല എന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്.

**11) ഗുണഭോക്താക്കളുടെ ഫോട്ടോ എടുക്കേണ്ടതുണ്ടോ?**

ഗുണഭോക്തൃപട്ടിക അന്തിമമാക്കുമ്പോൾ ഗുണഭോക്താക്കളുടെയും കുടുംബാംഗങ്ങളുടെയും ഫോട്ടോ എടുക്കേണ്ടതും, ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

**12) സർവേയിൽ ഉൾപ്പെടുകയും എന്നാൽ പരിശോധനയിൽ അനർഹർ എന്ന് കണ്ടെത്തുകയും ചെയ്യുന്ന ഒരാളിന് അപ്പീൽ നൽകാമോ?**

നൽകാം. അപ്പീൽ നൽകുമ്പോൾ എന്ത് കാരണം കൊണ്ടാണ് അനർഹർ എന്ന് തീരുമാനിച്ചത് എന്നത് പ്രത്യേകം പരിശോധിച്ച്

തീരുമാനമെടുക്കേണ്ടതാണ്. ടി കാരണം നീതിയുക്തമല്ല എന്ന് തെളിയിക്കാനുള്ള ബാധ്യത ബന്ധപ്പെട്ട പരാതിക്കാരന് ആയിരിക്കുന്നതാണ്.

**13) മക്കൾക്ക് വസ്തുവും വീട് കൈമാറിയതിന് ശേഷം ഭവനരഹിതരായവരെ പട്ടികയിൽ ഉൾക്കൊള്ളിക്കാമോ?**

പാടില്ല. എന്നാൽ മക്കൾ ഉപേക്ഷിക്കുകയും വാടകയ്ക്ക്/തെരുവോരത്ത് അന്തിയുറങ്ങുന്നവരെ ഭവനസമുച്ചയങ്ങളിൽ/ഷെൽറ്റർ ഹോം/കെയർ ഹോം എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ച് ആവശ്യമായ സംരക്ഷണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്.

**14) മാതാപിതാക്കൾക്ക് വസ്തുവുണ്ടായിരിക്കുകയും എന്നാൽ ഉടനടി വസ്തു ഭാഗം ചെയ്ത് മക്കൾക്ക് നൽകാൻ സാധ്യതയില്ലാത്ത കാര്യത്തിൽ മക്കളെ ഗുണഭോക്താവായി പരിഗണിക്കാവുന്നതാണോ?**

പരിഗണിക്കാൻ പാടില്ല.

**15) അപ്പീലിന്/ആക്ഷേപത്തിന് പ്രത്യേക ഫാറം ലഭ്യമാണോ?**

ഇല്ല. വെള്ളപേപ്പറിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കി നൽകിയാൽ മതിയാകും.

**16) വസ്തു ഉണ്ടായിരിക്കുകയും എന്നാൽ തർക്കത്തിൽ (കോടതിയിൽ വ്യവഹാരം ഉൾപ്പെടെ) ഉൾപ്പെട്ടിട്ടുള്ള ഭൂമി ആയാൽ (കെട്ടിട നിർമ്മാണ അനുമതി ലഭ്യമാകില്ല) ഭൂരഹിതരായി പരിഗണിക്കാമോ?**

കേസ് തീർന്നതിന് ശേഷം പരിഗണിക്കാവുന്നതാണ്.

**17) വസ്തു ഉണ്ടായിരിക്കുകയും crz /wet land തുടങ്ങിയ വിവിധ കാരണങ്ങളാൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കാൻ സാധ്യതയില്ലാത്തവരെ ഭൂരഹിതരായി പരിഗണിക്കാമോ?**

Wetland കേസുകളിൽ DLAC അനുവാദം പഞ്ചായത്ത് അടിസ്ഥാനത്തിൽ വാങ്ങി നൽകേണ്ടതാണ്. UMC അനുവദിച്ച ഭൂമി മാത്രമേ ഇതിലേക്കായി എടുക്കാൻ പാടുള്ളൂ. KLU പ്രകാരം രജിസ്റ്ററിൽ നിലം എന്ന് എഴുതിയിരിക്കുന്നവ ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതി R.D.O-യ്ക്ക് പ്രത്യേക അപേക്ഷ നൽകി നിയമപരമായി അനുവാദം വങ്ങേണ്ടതാണ്.

**18) ഒരു റേഷൻ കാർഡിൽ അർഹരായ ഒന്നിൽ കൂടുതൽ കുടുംബങ്ങളുള്ള പക്ഷം അവരെ പരിഗണിക്കാമോ?**

നിലവിൽ അനുവദിക്കാവുന്നതല്ല. എന്നാൽ വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന മിഷനെ അറിയിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് പിന്നീട് തീരുമാനം എടുക്കുന്നതും ആണ്.

**19) കരട് പട്ടിക ഇതര സർക്കാർ ഓഫീസുകളിൽ പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ ഏതൊക്കെയാണ്?**

പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന – തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ നിശ്ചയിക്കുന്ന – സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ, അംഗനവാടികൾ, വില്ലജ് ഓഫീസ്, റേഷൻകട.

**20) അപ്പീൽ പരിഗണിക്കുമ്പോൾ നേരിട്ട് കേൾക്കേണ്ട ആവശ്യമുണ്ടോ?**

ഇല്ല. എന്നാൽ അപ്പീൽ കമ്മിറ്റിക്ക് ആവശ്യമാണ് എന്ന് കരുതുന്ന പക്ഷം നേരിൽ കേൾക്കുന്നതിന് തടസ്സമില്ല.

**21) അപ്പീൽ തീർപ്പാക്കിയ ശേഷം അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ എങ്ങനെയാണ് എം.ഐ.എസിൽ രേഖപ്പെടുത്തേണ്ടത്?**

ആഗസ്റ്റ് 1–ആം തീയതിയോടു കൂടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉള്ള വെബ്സൈറ്റ് ലഭ്യമാക്കുന്നതും, അന്ന് മുതൽ പുതുതായി കണ്ടെത്തിയ അർഹരുടെ വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതുമാണ്. സി–ഫാറം/ഡി–ഫാറം എന്നിവയായിരിക്കും വെബ്സൈറ്റ്–ൽ ഡാറ്റാ എൻട്രിക്കായി ഉള്ളത്. ആയതിനാൽ സി/ഡി–ഫാറങ്ങൾ മുഴുവനും പൂരിപ്പിച്ച് വാങ്ങിയാൽ മാത്രമേ ഡാറ്റാ എൻട്രി നടത്താൻ കഴിയുകയുള്ളൂ.

**22) നിലവിൽ നിശ്ചയിച്ച സമയക്രമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശികമായ മാറ്റങ്ങൾ വരുത്താമോ?**

പാടില്ല. അന്തിമപട്ടിക സെപ്റ്റംബർ 25–ന് പ്രസിദ്ധീകരിക്കാത്ത ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെയും പട്ടിക മിഷൻറെ ആവശ്യത്തിനായി പരിഗണിക്കില്ല.

**23) മറ്റ് ഏതെങ്കിലും പദ്ധതിയിൽ ഗുണഭോക്താവായി അംഗീകരിക്കുകയും എന്നാൽ കരാർ ചമച്ച/കരാർ ചമയ്ക്കാത്തവരുമായ ഗുണഭോക്താക്കളെ പരിഗണിക്കേണ്ടതുണ്ടോ?**

കരാർ ചമച്ചവരെയും ചമയ്ക്കാത്തവരെയും ഉൾക്കൊള്ളിക്കേണ്ടതാണ്. ഇത്തരത്തിലുള്ളവരുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**24) അന്തിമപട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുമ്പോൾ മാതൃപട്ടികയിൽ മാറ്റം വരുത്താൻ പാടില്ല എന്നും, ഭേദഗതിയും, ഉൾക്കൊള്ളിക്കുന്നവയും ഒഴിവാക്കുന്നവയും പ്രത്യേകമായി പ്രസിദ്ധീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഏകീകരിച്ച പട്ടിക എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും?**

സെപ്റ്റംബർ 25-ന് നിർദ്ദേശ പ്രകാരമുള്ള പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഏകീകൃത പട്ടിക തയ്യാറാക്കേണ്ടതും, (നിർദ്ദേശ പ്രകാരമുള്ള മുൻഗണനാക്രമം പാലിച്ച്), പുതിയതായി ഉൾക്കൊള്ളിച്ചവരെ (രണ്ട് ഘട്ടങ്ങളിലായി), അവരുടെ റിമാർക്സ് കോളത്തിൽ ടി വിവരം (ഏത് ഘട്ടിൽ ടിയാനെ/ടിയാരിയെ ഉൾക്കൊള്ളിച്ച) രേഖപ്പെടുത്തേണ്ടതുമാണ്.

**25) ക്ലറിക്കൽ എറർ / ഡാറ്റാ എൻട്രി എറർ - എന്നിവ വന്നിട്ടുള്ള കേസുകളെ ഉൾപ്പെടുത്താമോ?**

അപ്പീൽ വേളയിൽ ഉൾപ്പെടുത്താം.

**26) Ineligible ആയിട്ടുള്ളവരെ ഒഴിവാക്കാമോ?**

ഒഴിവാക്കാം.

**27) ചുട്ടെടുക്കാത്ത കട്ട കൊണ്ടും, മണ്ണുകൊണ്ടും നിർമ്മിച്ച് വീടുകളെ ഇപ്പോൾ ഉൾപ്പെടുത്താമോ?**

പാടില്ല. ഇത്തരം വീടുകളെ സംബന്ധിച്ച് പിന്നീട് നിർദേശം നൽകുന്നതാണ്.

****************